പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ T 290 12/12/2014 ൽ മറുപടിയ്ക്ക്

# സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>" ജി.എസ്.ജയലാൽ<br>" കെ. രാജു: | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര കേന്ദ്രങ്ങൾ; | (എ) | ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള 38 ബ്ലോക്ക് പഞ്ചായത്തുകളിൽ സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | സാധാരണക്കാരായ ജനങ്ങൾക്ക് ബാങ്ക് ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച് ഉപദേശങ്ങൾ നൽകുകയും ഇത് സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിക്കുകയുമാണ് ലക്ഷ്യങ്ങൾ. |
| (സി) | പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതെവിടെ നിന്നെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഓരോ ബ്ലോക്കിലും വ്യത്യസ്ത ബാങ്കുകളാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത്. ഈ കേന്ദ്രങ്ങൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ഡി) | എല്ലാ ബ്ലോക്കുകളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുദ്ദേശിക്കുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ? | (ഡി) | ഇത് സംബന്ധിച്ച ആവശ്യം സർക്കാരിൽ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ